# ചിലമ്പൊലി



2018-19




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി ക്ലബ്ബ്
നമ്പർ : LK/2018/11006
ഗവ. ഹയർസെക്കന്ററി സ്കൂൾ
ഫോർ ഗേൾസ്, നെല്ലിക്കുന്ന്
കാസറഗോഡ്


GOVERNMENT V.H.S.S.
FOR GIRLS KASARAGOD
ESTD. 1974
NELLIKUNNU

# ആമുഖം

പ്രിയപ്പെട്ട കൂട്ടുകാരെ,

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതിക വിദ്യയുടെ വിസ്മയ ലോകത്തേക്കും അതിലധിഷ്ഠിതമായ പുത്തൻ അനുഭവ മികവിലേക്കും കൈപിടിച്ചുയരാൻ കുട്ടിപ്പട്ടത്തിലെ കൂട്ടുകാർ നടത്തിയ അനുദിന പ്രയത്നത്തിന്റെ ഫലമാണ് ഈ മാഗസിൻ. സപ്തഭാഷാ സംഗമ ഭൂമിയായ കാസറഗോഡിലെ പെൺകുട്ടികൾക്കായുള്ള ഏക വിദ്യാലയമാണ് ജി.വി.എച്ച്.എസ്സ്.എസ്സ്.ഫോർ ഗേൾസ് കാസറഗോഡ്.വിവിധ ഭാഷകളിലുള്ള കഥകളും കവിതകളും ഉപന്യാസങ്ങളും ഉൾപ്പെടുത്തി ഈ വിദ്യാലയത്തിലെ കുട്ടികൾ **ചിലമ്പൊലി** എന്ന ഈ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ ബോർഡ്

ശാരദ . എം (പ്രധാനാധ്യാപിക)

ഗണേശൻ കോളിയാട്ട് (സ്റ്റാഫ് എഡിറ്റർ )

ഉണ്ണിമായ . ആർ. പി (സ്റ്റുഡന്റ് എഡിറ്റർ )

ദേവിക രാജൻ

സ്മിത

ഫാത്തിമത്ത് റൈഹാന

ഫാത്തിമത്ത് ഷൈബാന . കെ. എസ്

സ്നേഹ. പി

അഞ്ജന പ്രകാശ്

രശ്മി വി.വി. (കോഡിനേറ്റർ )

## താളുകളിലൂടെ

........6
*നവ കേരളം*........6
*എന്റെ ബാല്യം*........7
ഒരു ദിവസം........8
അമ്മവീട്........9
പ്രതികാരം........10
........11
മോഹമുണ്ടേറ്റവും മോഹം........11
........12
കർമ്മഫലം........12
ജീവിത ലക്ഷ്യത്തിന്റെ നൊമ്പരം........15
പ്രിയപ്പെട്ടവരുടെ തിരിച്ചുവരവ്........19
*ഒരു കുടുംബത്തിന്റെ* തണൽ ബ്ലൂവൈൽ പിഴുതെടുത്തു........21
പുഴയോരത്ത്........25
ಪಾಠವ ಕಲಿಯೋಣ........26
........27
ಈ ಸ್ನೇಹ (ಕವಿತೆ )........27
ಮುಂಜಾನೆಯ ಸೊಬಗು........28
ಮಾಲಿನ್ಯ ಮತ್ತು ಸಂಸ್ಕರಣೆ........30
प्रकृति........32
मेरी आँसु की वजह........34
AS SHADOW FOLLOW ME........36
Whatsapp........37
SHADOW........38
മാതൃസ്നേഹം........39

## *നവ കേരളം*

(കവിത)

*ഉണരുന്നു കേരളം ഒരു പുതുവർഷത്തിലേക്കു*
*ഉണരുന്നു കേരളം ഒരു പുതുവർഷത്തിലേക്കു*
*കേരളം ഉണരുന്നു വൈവിധ്യ പൂർണ്ണമായി*
*പുതു സൃഷ്ടികളോടും സാങ്കേതികവിദ്യകളോടു*
*കൂടി കുതിച്ചുണരുന്നു പുതുജീവിതത്തിലേക്ക്*
*വളരുന്നു കേരളം എല്ലാം മറന്നുകൊണ്ടും*
*വെടിഞ്ഞുകൊണ്ടും നവകേരളത്തിലേക്ക്.*
*കുതിക്കുന്നു കേരളം സാങ്കേതികവിദ്യകളോടു*
*കൂടി നവകേരളം പണിതുയർത്തുവാൻ.*
*എല്ലാവരും ഒത്തുചേർന്ന് സ്നേഹപൂർവ്വം*
*മതസൗഹാർദത്തോടെ പണിയും കേരളം*
*നവകേരളം പുതു കേരളം.*

***ഉണ്ണിമായ ആർ.പി.***

# എന്റെ ബാല്യം

(കവിത)

ആരോരുമില്ലാതെ അലയുന്ന മനസ്സുമായ്
എന്നെന്നുമെന്റെയീ ബാല്യം
കൂട്ടുകാരൊക്കെ കൂടെയുണ്ടായിട്ടും
കൂട്ടിന്നാരുമില്ലാത്ത ബാല്യം

***വിസ്മയ വിജയൻ.***

# ഒരു ദിവസം


(കവിത)

പുതുവെയിൽ നൽകി
കൊടും മഞ്ഞകറ്റുന്ന അരുണ-
പ്രഭാതങ്ങളെ നമുക്കിന്നറിയാം
ചുടു വെയിലു നൽകി നമ്മെ
ചൂടു പിടിപ്പിക്കും ഉച്ചയാം സൂര്യനെ
ഇന്നും നമുക്കറിയാം
സിന്ദൂരപൂരം പൂശി ദൂരെ-
യകലുന്ന സന്ധ്യയെ നമുക്ക്
ഓർമയുണ്ടെന്നും തന്നെ
മുല്ലമൊട്ടുകൾ ചിതറിച്ച് രാവിൽ
വന്നെത്തിടും അമ്പിളിമാമൻ
നമുക്കത്ഭുതം
എന്നാലും ഇടനേരം വന്നു
ചില ചിലയ്ക്കും മഴ-

**-ദേവിക രാജൻ.**

# അമ്മവീട്

*(ചിത്രം)*



# പ്രതികാരം

(കവിത)

വിതുമ്പുന്ന കാർമേഘങ്ങളെ
നിനക്കൊന്നു പൊട്ടിക്കരഞ്ഞുകൂടെ?
ഒരു തുള്ളി വെള്ളത്തിനുവേണ്ടി
കേണപേക്ഷിച്ചിട്ടും എന്തേ നീ കനിഞ്ഞീല?
എനിക്കറിയാം നിന്നിലെ തീരാപകയും
ഒടുങ്ങാത്ത വൈരാഗ്യവും
നിന്റെ പ്രണയിനിയായ പ്രകൃതിയെ
അവർ നശിപ്പിച്ചതും
എങ്കിലും നിനക്കൊന്നു കനിഞ്ഞുകൂടെ?
'ഒടുവിൽ നീ വന്നു'.
മഹാമഴയും കൊടുങ്കാറ്റുമായ്,നീ വന്നു.
എന്തിന് ? നിന്റെ പ്രതികാരത്തിനോ
എന്നിട്ടും തീർന്നില്ലേ നിന്റെ
പകയും പ്രതികാരവും.

**വിസ്മയ വിജയൻ**

## മോഹമുണ്ടേറ്റവും മോഹം

*(കവിത)*

*ഗംഗാനദിയുടെ തീരത്ത് ഇരിക്കുവാൻ*
*മോഹമുണ്ടേറ്റവും മോഹം.*
*ഒരു കല്ലെടുത്ത് നദിയിലേക്ക് എറിയുവാൻ*
*മോഹമുണ്ടേറ്റവും മോഹം.*
*നിന്റെ അമൃതമാം നീര് കുടിക്കുവാൻ*
*മോഹമുണ്ടേറ്റവും മോഹം.*
*നീര് സ്പർശിക്കുവാൻ*
*മോഹമുണ്ടേറ്റവും മോഹം.*
*വിഭൂതിയും നിൻ മുഖം കണ്ടുകൊണ്ടിരിക്കുവാൻ*
*മോഹമുണ്ടേറ്റവും മോഹം.*
*സുസ്മേരവദനൻ എൻ മുഖം നിന്നുടെ*
*കണ്ണാടിയിൽ നോക്കുവാൻ*
*മോഹമുണ്ടേറ്റവും മോഹം.*
*നിന്നുടെ തീരത്ത് ഇരുന്ന് മരിക്കുവാൻ*
*മോഹമുണ്ടേറ്റവും മോഹം.*

**ദേവിക.കെ**

# കർമ്മഫലം

(കഥ)

അതിമനോഹരമായ ഗ്രാമത്തിൽ ഒരു ചെറിയ വീടുണ്ടായിരുന്നു.വലിയ ആർഭാടകരമായ ജീവിതം അല്ലെങ്കിലും വളരെ സന്തോഷത്തോടെയായിരുന്നു അവർ കഴിഞ്ഞിരുന്നത്.മൂന്ന് കുടുംബാംഗങ്ങൾ മാത്രം ഉൾപ്പെടുന്ന ആ വീട്ടിൽ ഗൗരി എന്ന എട്ട് വയസ്സുകാരിയും അവളുടെ മാതാപിതാക്കളും മാത്രമായിരുന്നു താമസിച്ചിരുന്നത്.ജന്മനാ അന്ധയായ സ്ത്രീയാണ് ഗൗരിയുടെ അമ്മ ഭാനുമതി.അച്ഛൻ ഗോവിന്ദൻ ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു.കാടാൽ ചുറ്റപ്പെട്ട അവരുടെ വീട്ടിൽ നിന്നും റോഡിലേക്കെത്താൻ ഒന്നര കിലോമീറ്ററോളം ദൂരമുണ്ടായിരുന്നു.വളവ് തിരിഞ്ഞുള്ള റോഡായതിനാൽ വളരെയധികം അപകടം നിറഞ്ഞ സ്ഥലമായിരുന്നു അത്.അങ്ങനെയിരിക്കെ ഒരു ദിവസം ഗോവിന്ദൻ ജോലി സ്ഥലത്തേക്ക് നടന്നു പോവുകയായിരുന്നു.വളവ് തിരിഞ്ഞതും പെട്ടെന്ന് ഒരു ടിപ്പർ ഇടിച്ച് ഗോവിന്ദൻ താഴെ വീണു.ആ വാഹനാപകടത്തിൽ അദ്ദേഹത്തിന്റെ രണ്ടു കാലുകളും നഷ്ടപ്പെട്ടു.അതോടെ അവരുടെ കുടുംബത്തിന്റെ അടിത്തറ നശിച്ചതായി തോന്നി.അമ്മയും അച്ഛനും രോഗികളാണ്,അവർക്കിടയിൽ ഗൗരി എന്തുചെയ്യണമെന്നറിയാതെ ശ്വാസം മുട്ടുകയായിരുന്നു.അവളുടെ മനസ്സിൽ ഒരേ ഒരു ചിന്തയെ ഉദിച്ചുള്ളൂ"എന്റെ അമ്മയേയും അച്ഛനേയും എനിക്ക് ചികിത്സിക്കണം"."എന്റെ ഈശ്വരാ,എനിക്ക് ആത്മധൈര്യം നൽകേണമേ".അമ്മ ജന്മനാ അന്ധയാണെങ്കിലും ചികിത്സിച്ചാൽ മാറുമെന്ന് ഡോക്ടർ പറഞ്ഞിരുന്നു.ഒരു പാവപ്പെട്ട കുടുംബത്തിലാണ് ഭാനുമതി ജനിച്ചത്.അതുകൊണ്ടുതന്നെ ചികിത്സിക്കാൻ എവിടെന്നാ കാശ്.കാഴ്ചശക്തി മാത്രമല്ല,അതിനുപുറമെ മറ്റു ചില ദീനങ്ങളും ഭാനുവിനുണ്ടായിരുന്നു.തന്റെ ദീനത്തെപറ്റി ഭാനു ആദ്യമായി ഓർത്തത് ഭർത്താവിന്റെ അപകടത്തിനുശേഷമാണ്.എന്താണെന്നോ,തന്റെ മകളുടെ അവസ്ഥയെ ഓർത്ത്.ബന്ധുക്കൾ എന്നുപറയാൻ അവർക്ക് ആരും ഉണ്ടായിരുന്നില്ല.ഭാനുമതിയും ഗോവിന്ദനും സ്നേഹിച്ച് കല്യാണം കഴിച്ചതാണ് അതുകൊണ്ട്,സ്വന്തം വീട്ടുകാർ അവരെ കൈയ്യൊഴിഞ്ഞു.ഒരു പ്രാവശ്യം ഹൃദയാഘാതം വന്ന ഒരു സ്ത്രീയായിരുന്നു ഭാനു.അതുകൊണ്ട്,ഗൗരി തന്റെ അമ്മയെ ഓർത്ത് എന്നും വേവലാതിപ്പെട്ടിരുന്നു.മറ്റൊരുമാർഗവുമില്ലാതെ ഗൗരി ഭിക്ഷയാചിക്കാൻ റോഡിലേക്കിറങ്ങി.രാവിലെ സ്കൂളിലേക്കാമ്മേ എന്ന് പറഞ്ഞാണ് അവൾ ഇറങ്ങിയിരുന്നത്.ഭിക്ഷയായി ലഭിക്കുന്ന കാശ് തികഞ്ഞിരുന്നില്ല.അങ്ങനെ ഒരുമാസം കടന്നുപോയി.അച്ഛനെ ആശുപത്രിയിൽ നിന്നും മരുന്ന് വാങ്ങാനുള്ള ദിവസവും

കടന്നുവന്നു.അച്ഛൻ ജോലിക്ക് പോയിരുന്ന സമയത്ത് ദിവസവും പത്ത് രൂപ അവളുടെ കുടുക്കയിൽ നിക്ഷപിക്കാൻ കൊടുക്കുമായിരുന്നു.അവൾക്ക് പെട്ടെന്ന് കുടുക്കയുടെ ഓർമ്മവന്നു.ഒരു പുത്തൻ ഉടുപ്പ് വാങ്ങാൻവേണ്ടി അവൾ കൊതിച്ചുവച്ചതായിരുന്നു അത്.അവൾ കരുതി ഉടുപ്പ്-അത് ഇനി എപ്പോഴെങ്കിലും വാങ്ങാം.പക്ഷെ അച്ഛനെയും അമ്മയെയും വിലയ്ക്കു വാങ്ങാൻ കഴിയില്ലല്ലേ.എനിക്ക് എന്റെ അച്ഛനെ ഈ നരകത്തിൽ നിന്നും രക്ഷിക്കണം.അങ്ങനെ അവൾ ആ കുടുക്ക എടുത്ത് ഉടച്ചു.ആ കുടുക്കയിൽ ആവശ്യത്തിന് പണമുണ്ടായിരുന്നു.അവൾ ആ പണവും എടുത്ത് അച്ഛന്റെ അടുത്ത് ചെന്നു.എന്നിട്ട് അവൾ പറഞ്ഞു:"ഞാൻ അച്ഛന് മരുന്ന് വാങ്ങിയിട്ട് വരാം”."അതിന് നിനക്കെവിടെന്നാ മോളേ കാശ്”? കുടുക്ക പൊട്ടിച്ചും ഭിക്ഷയെടുത്തുമുള്ള കാശാണെന്ന് പറഞ്ഞാൽ സങ്കടം കൊണ്ട് അച്ഛന്റെ സമനില തന്നെ തെറ്റാം.അതുകൊണ്ട് അവൾ ഒരു കള്ളം പറഞ്ഞു:”അത് അച്ഛന്റെ ഓഫീസിൽ വർക്ക് ചെയ്തിരുന്ന പ്രഭാകരേട്ടൻ തന്നതാ"."അവനെ ഈശ്വരൻ അനുഗ്രഹിക്കട്ടെ”.അവൾ മനസ്സിൽ പൊട്ടിക്കരഞ്ഞു.അവളുടെ സങ്കടവും സഹാനുഭൂതിയും.അച്ഛനോടും അമ്മയോടുമുള്ള സ്നേഹവും കരുതലും കണ്ട് സാക്ഷാൽ പാർവ്വതി ദേവിതന്നെ ഭൂമിയിലേക്ക് ഒരു കുട്ടിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു.ഒരു ദിവസം ഗൗരി റോഡിലൂടെ നടന്ന് ഭിക്ഷയെടുക്കുകയായിരുന്നു.പെട്ടെന്ന് ഒരു പെൺകുട്ടി അവളുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു.എന്നിട്ട് അവളോട് പറഞ്ഞു:”ഹായ്?ഞാൻ പാറു.ഞാൻ "ഗൗരി!” "നിന്റെ അച്ഛനും അമ്മയും എന്തു ചെയ്യുകയാ”?പാറു സങ്കടത്തോടെ പറഞ്ഞ:"എനിക്കാരുമില്ല,ഞാനും നിന്നെ പോലെ ഭിക്ഷയെടുത്താ ജീവിക്കുന്നത്,നിന്റെകൂടെ എന്നെയും നിന്റെ വീട്ടിലേക്ക് കൊണ്ടുപോവുമോ.എന്നെ സഹായിക്കൂ”.! അവൾക്ക് പെട്ടെന്ന് അച്ഛന്റെ വാക്കുകൾ ഓർമ്മവന്നു.സഹായം അഭ്യർത്ഥിക്കുന്നവരെ ഒരിക്കലും നിരാശപ്പെടുത്തരുതെന്ന്.ഗൗരി,പാറുവിനെയും കൂട്ടി വീട്ടിലെത്തി.ഗോവിന്ദൻ അവളോട് ചോദിച്ചു.ഇതാരാ മോളെ.അച്ഛാ ഇത് പാറു.ഇവൾക്ക് ആരുമില്ല.ഇവളെ ഞങ്ങളുടെ കൂടെ താമസിപ്പിക്കുമോ?

അദ്ദേഹം പറഞ്ഞു:"അതിനെന്താ ഇനി മുതൽ നീയും ഞങ്ങളുടെ മകളാ,ഞങ്ങളുടെ രണ്ടാമത്തെ മകൾ.നീ എന്റെ അടുത്ത് വാ..........മകൾക്ക് ഇവിടെ താമസിക്കാം.പക്ഷെ ഭക്ഷണ സൗകര്യം കുറവാണ്,ഇവിടെ താമസിക്കാൻ നിനക്ക് സമ്മതമാണോ”? അദ്ദേഹത്തിന്റെ കണ്ണു നിറഞ്ഞു."എനിക്ക് സമ്മതമാ" പാറു

പറഞ്ഞു.അച്ഛാ......അമ്മേ എനിക്ക് എന്റെ അച്ഛനേയും അമ്മയേയും ഒരു ചേച്ചിയേയും ലഭിച്ചു.പാറുവിന്റെ കണ്ണിൽ നിന്നും ആനന്ദാശ്രുക്കൾ പൊഴിഞ്ഞു.അങ്ങനെ കുറച്ചു ദിവസങ്ങൾ കഴിഞ്ഞു പോയി.പാർവ്വതി ദേവി തന്റെ സ്വരൂപം അവർക്കുമുന്നിൽ പ്രത്യക്ഷപ്പെടുത്തി.അവർ കൈകൂപ്പി നിന്നു.ദേവിയായിരുന്നോ പാറുവിന്റെ രൂപത്തിൽ ഇവിടെ വന്നത്.അമ്മേ.....ദേവി.....മഹാമായേ......ഗൗരിയുടെ കർമ്മഫലമായാണ് ഞാനിവിടെ എത്തിയത് ഈ ജന്മം നിങ്ങളുടെ മകളാണ് നിങ്ങളുടെ ദൈവം.അവളുടെ നല്ല കർമ്മത്തിന്റെ ഫലമായാണ് ഞാനിവിടെ സ്വയം പ്രത്യക്ഷപ്പെട്ടത് പറഞ്ഞാലും ഗൗരി നിനക്ക് എന്ത് വരദാനമാണ് വേണ്ടത്.അവളുടെ കണ്ണിൽ നിന്നും അശ്രുക്കൾ പൊഴിഞ്ഞുകൊണ്ടേയിരുന്നു.എനിക്ക് എന്റെ അച്ഛനെയും അമ്മയേയും ഒരു ദീനവുമില്ലാതെ  കാണണം.ദേവി പറഞ്ഞു.തദാസ്തു.നിങ്ങളുടെ ആഗ്രഹം നിറവേറട്ടെ അവരുടെ ആഗ്രഹം പോലെ എല്ലാം ശുഭമായി.

ശുഭം.............

***ശ്രീദിക. പി***

## ജീവിത ലക്ഷ്യത്തിന്റെ നൊമ്പരം

**(കഥ)**

വയൽ വരമ്പിലൂടെ സ്ക്കൂൾ കഴിഞ്ഞ് നടന്നു വരുന്ന സുന്ദരിയായ പെൺകുട്ടി,നീന.അവൾ ഓരോ കാലടി വെക്കുമ്പോഴും അവളുടെ കൊലുസ്സ് താളം വയ്ക്കുകയാണ്.നീനയുടെ മനസ്സിൽ എന്തോ ഒരു സങ്കടമുണ്ടായിരുന്നു.നീന നടന്ന് വീട്ടിൽ എത്തി.നീന അവളുടെ ബാഗ് തറയിൽ വെച്ച് അവിടെയിരുന്നു.ഒരു ഓലക്കൂരയാണ് അവളുടേത്.”അമ്മേ"എന്ന് അവൾ സങ്കടത്തോടെ വിളിച്ചു.പശുവിന് വൈക്കോൽ കൊടുത്തുകൊണ്ടിരുന്ന അമ്മ വിളികേട്ട ഭാഗത്തേക്ക് ചെന്നു.'മോൾ എത്തിയോ' അമ്മ അവളോട് ചോദിച്ചു.അവൾ ഒന്നും മിണ്ടിയില്ല."എന്തുപറ്റി എന്റെ മോളേ അല്ലെങ്കിൽ നീ എന്നോട് ഓടിവന്ന് വിശേഷങ്ങൾ പറയാറല്ലെ പതിവ്.ഇന്ന് എന്തുപറ്റി"അമ്മ അവളുടെ മുഖത്തേക്ക് നോക്കി പറഞ്ഞു.അവളുടെ മനസ്സിലെ വേദന ആ കറുത്ത കണ്ണിൽ നിന്ന് വെളുത്ത കവിളിലൂടെ മെല്ലെ മെല്ലെ ഒലിച്ചിറങ്ങി.അതു കണ്ട അമ്മ അവളോട് ചോദിച്ചു"എന്തുപറ്റി,എന്തിനാ മോള് കരയുന്നേ ടീച്ചർ വഴക്കുപറഞ്ഞോ അതോ വഴിയിലാരെങ്കിലും.........”

"ഇല്ല...ഇല്ല... എന്നെ ആരും ഒന്നും പറഞ്ഞില്ല.എന്റെ ആഗ്രഹങ്ങളൊന്നും നടക്കില്ല.എനിക്ക് ഇനി പഠിക്കാൻ കഴിയില്ല.”അവൾ കരഞ്ഞ് പറയുന്നു."അഞ്ച് മാസത്തെ ഫീസ് അടയ്ക്കാതെ വരണ്ട എന്ന് ടീച്ചർ പറഞ്ഞു.നാളെ മുതൽ ഞാൻ സ്ക്കൂളിലേക്ക് പോകുന്നില്ല.” "നിന്റെ അച്ഛനുണ്ടായിരുന്നെങ്കിൽ ഇന്ന് നമ്മൾ കഷ്ടപ്പെടേണ്ടി വരില്ലായിരുന്നു".അമ്മ വീട്ടിനകത്ത് തൂക്കിയിട്ടിട്ടുള്ള അച്ഛന്റെ ഫോട്ടോയിലേക്ക് നോക്കി പറഞ്ഞു."മോളേ അമ്മയുടെ കൈയ്യിൽ കാശില്ലാഞ്ഞിട്ടാണ് ഫീസ് അടയ്ക്കാത്തത്”."നീ അമ്മയോട് ക്ഷമിക്കണം.അമ്മ അങ്ങനെയൊന്നും പറയല്ലെ"."സാരമില്ല മോളേ എന്റെ വിധി".അവൾ വീടിനകത്തേക്ക് ഓടിപ്പോയി.പിറ്റേ ദിവസം രാവിലെ."നീനേ നീനേ" എന്ന് വീടിന് പുറത്ത് നിന്ന് ഒരു വിളി.അമ്മ വീടിനു പുറത്തേക്ക് വന്നു.ഓ മാളുവോ നീന ഇന്ന് സ്ക്കൂളിലേക്ക് വരുന്നില്ലേ.മോളേ നീന വരില്ല നീ പോയ്ക്കോ.അത്.......ശരി എന്നാൽ ഞാൻ പോവ്വാ.

മോളേ നീനേ ആ അരിവാൾ ഇങ്ങ് കൊണ്ട് വാ.നീന അരിവാൾ എടുത്ത്

അമ്മയ്ക്ക് കൊടുത്തു."ഇന്ന് പാടത്ത് കുറേ പണിയുണ്ട് നീ ഉച്ചയ്ക്ക് കഞ്ഞിയുമായി വരണം" എന്ന് പറഞ്ഞ് അമ്മ പാടത്തേക്ക് പോയി.നേരം ഉച്ചയായി അവൾ കഞ്ഞിയുമായി പാടത്തേക്ക് പോകാൻ ഇറങ്ങി.അവൾ പ്രകൃതി സൗന്ദര്യം ആസ്വദിച്ച് ഇളം കാറ്റും കൊണ്ട് നടക്കുമ്പോൾ പെട്ടെന്ന് ഒരു മരത്തിനിടയിൽ നിന്ന് ഒരു ശബ്ദം."അയ്യോ അമ്മേ" അവൾ ശബ്ദം കേട്ട ഭാഗത്തേക്ക് പോകുന്നു.നോക്കിയപ്പോൾ ഒരു വൃദ്ധൻ കീറിപ്പറിഞ്ഞ ഒരു വസ്ത്രം.നീളൻ താടിയും തലമുടിയും.കൈയ്യിലൊരു സഞ്ചി.അദ്ദേഹം വിശന്നായിരുന്നു കരഞ്ഞിരുന്നത്.അവൾ അദ്ദേഹത്തോട് ചോദിച്ചപ്പോൾ 7 ദിവസമായി അദ്ദേഹം ഭക്ഷണം കഴിച്ചിട്ട് എന്ന് ആ വൃദ്ധൻ പറഞ്ഞു.പിന്നീട് ഒന്നും ചിന്തിക്കാതെ ആ കഞ്ഞിപ്പാത്രം വൃദ്ധനുനേരെ  നീട്ടിക്കൊണ്ട് അവൾ പറഞ്ഞു "കഴിച്ചോളൂ".ആ വൃദ്ധൻ പെട്ടെന്ന് വാങ്ങിച്ച് കഴിച്ചു.കഴിച്ച് കഴിഞ്ഞ് അദ്ദേഹം അവളെ മനസ്സു നിറയെ അനുഗ്രഹിച്ചു.

അവൾ നടന്നു.ഇതെല്ലാം കണ്ടിരുന്ന ഒരാൾ അവളുടെ അടുത്തേക്ക് വന്നു,എന്നിട്ട് അവളോട് ചോദിച്ചു "നിന്റെ പേരെന്താ?' "അവൾ,നീന എന്ന് പറഞ്ഞു".അദ്ദേഹം അവളുടെ കാര്യങ്ങളെല്ലാം ചോദിച്ചു.പഠിക്കാൻ പറ്റാത്ത കാര്യങ്ങളുമെല്ലാം അവൾ അയാളോട് പറഞ്ഞു.അവസാനം അയാൾ അവളോട് പറഞ്ഞു "ഞാൻ നിന്നെ പഠിപ്പിക്കാമെന്ന്".അവൾ അത് കേട്ട് ഞെട്ടി നിന്നു പോയി.എന്താ ഇഷ്ടമല്ലേ ഞാൻ പഠിപ്പിക്കാൻ സഹായിക്കുന്നത് അദ്ദേഹം ചോദിച്ചു."ഇഷ്ടമാണ് എന്ന്" അവൾ പറഞ്ഞു.ഞാൻ നിന്നെ പഠിപ്പിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്യാം പക്ഷേ,ഇവിടെയല്ല പഠിക്കേണ്ടത് കുറച്ച് ദൂരെ ഒരു വിദ്യാലയത്തിലാണ്.അവിടേക്ക് വരുമോ നിന്നെ ഞാൻ കൊണ്ടു പോകാം.അദ്ദേഹം അവളോട് പറഞ്ഞു."അവൾ ഒന്നും ആലോചിക്കാതെ വരാം എന്ന് പറഞ്ഞു".അവിടെ ഹോസ്റ്റലിൽ നിന്ന് പഠിക്കാം എന്ന് അദ്ദേഹം അവൾക്ക് വാക്കു നൽകി.നാളെ,പോകാൻ ഒരുങ്ങിക്കോളൂ എന്ന് പറഞ്ഞ് അവർ പിരിഞ്ഞു.

ആ നേരം നീനയുടെ മനസ്സിൽ സ്വപ്നമാണോ അതോ സത്യമാണോ എന്ന് അറിയാതെ നിന്നു പോയി.അവൾ സന്തോഷത്തോടെ അമ്മയോട് കാര്യം പറയാൻ ഓടിപ്പോയി.പാടത്തേക്ക് എത്തി പാടത്ത് എല്ലാവരും പാട്ടുപാടി രസിക്കുന്നുണ്ടായിരുന്നു.

"തന്തിനിന്തോ താനിനാനോ
തന്തിനിന്തോ താനിനാനോ

പുഞ്ചകണ്ടം നെരന്നു പെണ്ണേ
വഞ്ചി വന്നാക്കൊയ്തെടുക്കാം"

അങ്ങനെ പാട്ടും പണിയെല്ലാം കഴിഞ്ഞ് അമ്മ വന്നപ്പോൾ വൃദ്ധന്റെ കാര്യങ്ങളും പിന്നീടുണ്ടായ കാര്യങ്ങളും വിവരിച്ചു പറഞ്ഞു.അദ്ദേഹം സത്യമായിട്ടു പഠിപ്പിക്കുമോ അല്ല...എനിക്ക് പേടിയാകുന്നു.നീ പോകണ്ട.അമ്മ അവളോട് പറഞ്ഞു.ഇല്ല അമ്മേ എനിക്ക് പഠിക്കണം എന്നെ വിടണം അദ്ദേഹം പഠിപ്പിക്കും എനിക്ക് ഉറപ്പ്.എന്നെ വിട് ഞാൻ പോകട്ടെ.അമ്മ മനസ്സില്ലാ മനസ്സോടെ സമ്മതം മൂളി.പിറ്റേ ദിവസം അവൾ പോകാൻ ഇറങ്ങി.അമ്മയുടെ മനസ്സിനുള്ളിൽ പേടി കൂടിക്കൂടി വരുകയാണ്.മോളേ എപ്പോഴും എന്നെ വിളിക്കണം ഈ അമ്മ പ്രാർഥിക്കാം.അദ്ദേഹം വന്ന് അവളെ കൂട്ടിക്കോണ്ട് പോയി.

ഒരു കാറിലാണ് അവൾ പോയത്.2 മണിക്കൂർ കഴിയുമ്പോൾ അവർ ഉദ്ദേശിച്ച സ്ഥലത്തെത്തി.അദ്ദേഹം അവളെ ഒരു നഗരത്തിലെ റൂമിൽ കൊണ്ട് വന്നു,അവൾ ജനലിലൂടെ നഗരക്കാഴ്ച്ച നോക്കുകയാണ്.നിറയെ ആളുകളും ശബ്ദവും മാലിന്യങ്ങളും നിറഞ്ഞ നഗരങ്ങളെക്കാളും ഗ്രാമങ്ങൾ തന്നെയെന്ന് അവൾ മനസ്സിലാലോചിച്ചു.കൂടെ അമ്മയെയും.ഒരു ദിവസം അങ്ങനെ കഴിഞ്ഞു.രണ്ടാം ദിവസം അദ്ദേഹത്തോട് അവൾ ചോദിച്ചു:എന്നെ എപ്പോഴാ സ്കൂളിൽ ചേർക്കാൻ പോകുന്നത് വേഗം തന്നെ ആയാൽ നന്നായിരുന്നു.അദ്ദേഹം പൊട്ടിച്ചിരിക്കാൻ തുടങ്ങി.ഞാൻ നിന്നെ സ്കൂളിൽ ചേർക്കാൻ പൊട്ടിച്ചിരിക്കാൻ തുടങ്ങി.അവൾ ഉയർന്ന ശബ്ദത്തോടെ പറഞ്ഞു:നിർത്ത്,നിങ്ങൾ എന്തിനാ ഇങ്ങനെ ചിരിക്കുന്നത്.എനിക്ക് പേടിയാകുന്നു.ഞാൻ നിന്നെ സ്കൂളിൽ ചേർക്കാനൊന്നുമല്ല കൊണ്ടു വന്നത്.പിന്നെ എന്തിനാ എന്നെ ഇങ്ങോട്ട് സ്കൂളിൽ ചേർക്കാനെന്നു പറഞ്ഞ് കൊണ്ട് വന്നത് എനിക്ക് എന്റെ അമ്മയെ കാണണം.അവൾ കരഞ്ഞ് പറഞ്ഞു."മിണ്ടരുത്" നിന്നെ ഇനി ഞാൻ വിടില്ല.വാടി എന്ന് വിളിച്ച് അവളെ വലിച്ച് ഒരു മുറിയിൽ അടച്ചിട്ടു.രാത്രിയിൽ കുറെ പുരുഷന്മാർ വന്ന് മേശപ്പുറത്ത് ചുറ്റുമിരുന്ന് മദ്യപിക്കുകയും പുകവലിക്കുകയും മയക്കുമരുന്നുമെല്ലാം ഉപയോഗിക്കുന്നു.കൂടെ അയാളും.അവൾ മുറിയിൽ നിന്ന് ഒച്ചത്തിൽ പറഞ്ഞു:"നിങ്ങൾ എന്നെ ചതിച്ചല്ലേ.എല്ലാം വെറുതെ

പറഞ്ഞതല്ലേ.എനിക്ക് തന്ന വാക്കും വെറുതെയല്ലേ".എന്നെ വിടൂ.അവളെ മുറിയിൽ നിന്ന് പുറത്തു കൊണ്ടുവന്ന് എല്ലാവരും കൂടി ഉപദ്രവിച്ച് അവളുടെ വസ്ത്രങ്ങൾ എല്ലാവരും കൂടി കീറി നശിപ്പിച്ചു..........മകളെ വിളിക്കാൻ വേണ്ടി കോളിങ്ങ് ബൂത്തിലേക്ക് അമ്മ പോയി.അവിടെ നിലത്ത് വീണു കിടന്ന പത്രത്തിൽ മകളുടെ ഛായമുള്ള ഫോട്ടോ കണ്ട് അമ്മ ആ പത്രം എടുത്തപ്പോഴാണ് അറിഞ്ഞത് മകളെ പോലെയല്ല,മകളാണെന്ന വിവരം വായിച്ചപ്പോളാണറിഞ്ഞത് പീഡനത്തിന് വിധേയമായ മകളായ നീന മരണപ്പെട്ടുവെന്ന്.ഇതറിഞ്ഞ അമ്മയുടെ നെഞ്ച് പൊട്ടിപ്പോയി.

കാലങ്ങൾക്കുശേഷം അമ്മയുടെ നൊമ്പരം കൂടിക്കൂടി വരുകയായിരുന്നു.അങ്ങനെയിരിക്കെ എല്ലാം അവസാനിച്ചുവെന്നു കരുതി നാട്ടിലേക്ക് തിരിച്ചു വന്നു.ചെന്നുപെട്ടത് ഈ അമ്മയുടെ മുമ്പിൽ.ആദ്യം കണ്ടപ്പോൾ അമ്മയ്ക്ക് അയാളെ പെട്ടെന്ന് തിരിച്ചറിഞ്ഞില്ല.വീട്ടിൽ പോയി ആലോചിച്ചു നോക്കിയപ്പോഴാണ് മകളെ ക്രൂരമായി കൊന്ന് അവളുടെ ചാരിത്ര്യം തകർത്തയാൾ അയാളാണെന്ന് മനസ്സിലായത്.അമ്മയുടെ നെഞ്ചിലെ തീ കത്തി ജ്വലിച്ചു.പെട്ടെന്നു തന്നെ അടുക്കളയിൽ നിന്ന് മൂർച്ചകൂട്ടിയ അരിവാളെടുത്ത് അയാളെ തിരഞ്ഞുപോയി.വഴിവക്കിലെ ഒരു ചായക്കടയിൽ ചായ കുടിച്ചുകൊണ്ടിരുന്ന അയാളെ കണ്ട അമ്മ അഗ്നിക്കുണ്ഡത്തിലെ ജ്വാലപോലെ ഉയർന്ന് അയാൾക്കുനേരെ ഒറ്റ വെട്ട്.പൈപ്പിൽ നിന്ന് വെള്ളം ചിന്നിച്ചിതറുന്ന പോലെ അയാളുടെ നെഞ്ചത്തുനിന്ന് രക്തം അമ്മയുടെ നെഞ്ചത്തേക്ക് കുത്തി ഇറങ്ങി.അമ്മയുടെ വ്യഥകൾ ആ രക്തത്തിലൂടെ ഒലിച്ചുപോയി.ആ നീണ്ട കാർ കൂന്തൽ ഒരു ജഡം പോലെ തിങ്ങിനിറഞ്ഞിരുന്നു.ആ വേദനയുടെ കടൽ സ്വന്തം  കുറ്റം ഏറ്റുപറഞ്ഞ് പോലീസ് ഉദ്യോഗസ്ഥരുടെ മുന്നിൽ കീഴടങ്ങി.ഇതാണ് ഒരു പെറ്റമ്മയ്ക്ക് മക്കളോടുള്ള സ്നേഹവും കരുതലും.

ശുഭം........

**ജിഷ്ണ.പി.ആർ**

# പ്രിയപ്പെട്ടവരുടെ തിരിച്ചുവരവ്

(കഥ)

നക്ഷത്രങ്ങൾ വെളിച്ചം പരത്തി നിൽക്കുന്ന പല രാത്രികളിലും ഞാൻ മാനത്ത് ആകാംക്ഷയോടെ കണ്ണും നട്ടിരിക്കാറുണ്ട്.ഏതെങ്കിലുമൊരു വെള്ളി നക്ഷത്രം എന്നെ തേടി ഭൂമിയിലേക്കിറങ്ങി വരുന്നുണ്ടോ?എന്നെങ്കിലും........എന്നെങ്കിലുമൊരിക്കൽ എന്നെത്തേടി..........

ഇരുണ്ട ആകാശത്തിന്റെ കോണിൽ പ്രഭചൊരിയാനെത്തുന്ന ഏതെങ്കിലുമൊരു നക്ഷത്രത്തിന് ആ കാലങ്ങളിലെങ്ങോ മരണത്തിന്റെ ചിറകിലേറിപറന്നകന്ന എന്റെ പ്രിയപ്പെട്ട അമ്മയുടെ മുഖച്ഛായ......സ്വർഗത്തിന്റെ പൂങ്കാവനത്തിലിരുന്ന് സുഖസൗകര്യങ്ങളനുഭവിക്കുമ്പോൾ അമ്മ എന്നെ ഓർക്കുന്നുണ്ടാവുകയില്ലേ? ഇല്ല ഞാനാമുഖം ഇനിയൊരിക്കലും കൺമുന്നിൽ കാണാൻ സാധിക്കുകയില്ലെന്നറിയാമായിട്ടും........പക്ഷേ ആ ആഗ്രഹത്തെ മായിച്ചുകളയാനെനിക്കാവുന്നില്ല.ആ തിരിച്ചു വരവിനായി ഇന്നും ഞാൻ കാത്തിരിക്കുന്നു.ഒരിക്കലും സാധ്യമല്ലാത്ത ആ തിരിച്ചുവരവിനു വേണ്ടി.......

ഞാനനാഥയാണെന്ന തോന്നൽ എന്നെയെന്നും അലട്ടുകയാണ് അമ്മ മാത്രമല്ല, കഴിഞ്ഞ വർഷത്തെ മംഗലാപുരം വിമാനാപകടത്തിൽ ഞാനേറെ സ്നേഹിച്ചിരുന്ന എന്റെ പ്രിയപ്പെട്ട അമ്മാവനും........എനിക്കാരുമില്ലെന്ന തോന്നലെന്നിൽ ഇരട്ടിക്കാൻ തുടങ്ങിയത്.......ഒരുപക്ഷേ അന്നു മുതലായിരിക്കാം.അദ്ദേഹത്തെപ്പോലൊരു സത്യസന്ധനായ മനുഷ്യനെ ഞാനിന്നെവരെ വേറൊരിടത്തും കണ്ടിട്ടില്ല.

അദ്ദേഹം ഓരോ വരവിലും പട്ടണത്തിൽ കൊണ്ടുപോയി എന്നെ സർക്കസ് കാണിച്ചു തരുമായിരുന്നു.എനിക്കേറ്റവും ഇഷ്ടപ്പെട്ട കടല വാങ്ങിച്ചു തരുമായിരുന്നു.അങ്ങനെയങ്ങനെ..........അദ്ദേഹത്തോടൊപ്പം ചിലവഴിച്ചിരുന്ന ഓരാ നിമിഷവും ഞങ്ങൾക്ക് ആനന്ദപൂർണ്ണമായിരുന്നു.

പക്ഷെ പെട്ടെന്നൊരുദിവസം........ഇല്ല എനിക്കിന്നും........വിശ്വസിക്കാനാവുന്നില്ല.എനിക്കതിനാവില്ല.അത്രയ്ക്കും ഞാൻ അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു.പക്ഷെ,ഇന്ന്........അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാനല്ലാതെ......ഒരിക്കൽക്കൂടി ആ തിരിച്ചുവരവിനായി

കാത്തിരിക്കും.......എനിക്കെന്നും.......


ഇതുപോലെയൊക്കെതന്നെയാണ് എനിക്കെന്റെ പ്രിയപ്പെട്ട കൂട്ടുകാരി

കാർത്തികയുടെ വേർപ്പാടും.......പക്ഷെ അവളിന്നും ഈ ഭൂമിയിൽ ജീവിച്ചിരിപ്പുണ്ടല്ലോ എന്ന ഒരു നേരിയ ആശ്വാസം എന്റെ മനസ്സിലുണ്ട്.പക്ഷേ,എട്ടാം ക്ളാസ്സുമുതൽ പഠിത്തം അവസാനിപ്പിച്ച് എന്റെ കൺമുന്നിൽ നിന്നും
അവളന്നുകടന്നുപോയപ്പോൾ.........അവൾക്കെന്തുപ്പറ്റിയെന്നറിയാതെ ഇന്നും വെമ്പൽ കൊള്ളുകയാണ് ഞാൻ........

പ്രിയപ്പെട്ടവരുടെ ഒരിക്കലും സാധ്യമല്ലാത്ത തിരിച്ചുവരവിനായി ഞാനിന്നും ആകാംക്ഷയോടെ
കാത്തിരിക്കുകയാണ്......അക്ഷമമായി.......അല്ലെങ്കിൽ.......ഞാനുമങ്ങോട്ട്........

ശുഭം...................

***സരിതകുമാരി എം.കെ.***



## ഒരു കുടുംബത്തിന്റെ  തണൽ ബ്ലൂവൈൽ പിഴുതെടുത്തു

(കഥ)

ഈ ചെക്കന് ഇതെന്താ പറ്റിയേ? ഏതുനേരം കടന്നൽ കുത്തിയതുപോലെ മുഖം വീർപ്പിച്ച് തെക്കും വടക്കും നടക്കും.വരുണേ... നീ ആ ഫോണൊന്നു താഴെ വെക്ക്.നിന്റെ കണ്ണ് പൊട്ടിപ്പോകുമെടാ... ഏതു നേരവും മൊബൈലിൽ കുത്തിക്കൊണ്ട് തന്നെ.രാത്രി പോലും ചെക്കന് ഉറക്കമില്ല.എടാ വരുണേ...നിനക്ക് തിന്നാനും കുടിക്കാനൊന്നും വേണ്ടേ?
അമ്മ രാവിലെ തന്നെ ഭക്ഷണം ടേബിളിൽ കൊണ്ടു വച്ച് വരുണിനെ വിളിക്കാൻ തുടങ്ങി.പിന്നൊരുത്തിയാണെങ്കിൽ കണ്ണാടി നോക്കികൊണ്ടിരിക്കും ഡീ... ദേ മയങ്ങിയതു മതി മര്യാദയ്ക്ക് വന്ന് ഭക്ഷണം കഴിക്ക്.ഇല്ലെങ്കിൽ നീ എന്റേന്ന് മേടിക്കും.ആ... അമ്മേ വരുന്നു കിടന്ന് കാറാതെ.ഇതാണ് വരുണിന്റെ കുടുംബം.അമ്മയും അനിയത്തിയും വരുണും ചേർന്ന ഒരു കൊച്ചുകുടുംബം.വരുണിന് അച്ഛനില്ല.അച്ഛൻ അനിയത്തി കുഞ്ഞായിരിക്കുമ്പോൾ ഒരപകടത്തിൽ മരണപ്പെട്ടു.അമ്മേ! എന്നെ വിളിച്ചിരുന്നോ? ഹേയ്! അമ്മ വിളിച്ചതല്ല.ചേട്ടാ അമ്മ കിടന്ന് കാറിയതാ അനിയത്തി ഇടയിൽ കേറി.അമ്മൂ...വരുൺ കണ്ണിരുട്ടി.രാവിലെ മുതൽ അടുക്കളയിൽ ചെന്ന് കഷ്ടപ്പെടുവാ നിങ്ങൾക്ക് ഇതൊന്നും അറിയേണ്ടല്ലോ.അമ്മേ മതി,വരുൺ അമ്മയെ മുഴുവൻ പറയാൻ സമ്മതിച്ചില്ല.അമ്മേ അമ്മയുടെ എപ്പോഴത്തെയും പുരാണം കേൾക്കാനാണോ, അമ്മേ എനിക്ക് വിശക്കുന്നു.എന്തെങ്കിലും തിന്നാൻ താ... മുമ്പിൽ കൊണ്ടു വച്ചിരിക്കുകയല്ലേ,എടുത്തു കഴിച്ചൂടെ,അതെങ്ങനെ അനങ്ങാൻ വയ്യല്ലോ,മടി.ഇനി ഞാൻ എടുത്ത് വായിലിട്ട് തരണോ? അത്രയ്ക്കൊന്നും ബുദ്ധിമുട്ടണ്ട.എടുത്ത് കഴിച്ചോളാം.മോനേ,നിനക്ക് എന്താടാ പറ്റിയേ,ഈ രണ്ടുമൂന്നു ദിവസമായി നീ ഒരുശാറില്ലാതെ

ഭക്ഷണവും നേരേ കഴിക്കുന്നില്ല,ഉറക്കവുമില്ല.എന്താടാ മോനേ നിനക്ക് പറ്റിയേ? എന്തെങ്കിലും കുഴപ്പമുണ്ടോ? കോളേജിലോ,മറ്റോ? ഇല്ലമ്മേ ഞാൻ ഓക്കെയാ,എനിക്ക് ഒരു കുഴപ്പവുമില്ല.എന്റമ്മ അതോർത്ത് മനസ്സ് വേദനിപ്പിക്കേണ്ട.എന്റമ്മയുടെ മനസ്സ് വേദനിക്കുന്നത് കാണാൻ എനിക്ക് വയ്യ.അതുകൊണ്ടാണ്.ശരി,എങ്കിൽ പറ മോനിങ്ങനെ ഒരു ചിരിയോ,കളിയോ ഇല്ലാതെ എന്താമോനേ.അമ്മ കരയുന്നത് മോന് കാണാൻ കഴിയില്ല.എനിക്ക് ഒരു കുഴപ്പവുമില്ല.പെട്ടെന്ന് അവന്റെ ഫോണിൽ ഒരു മെസേജ് വന്നു.അതോടെ അവനാകെ വിയർത്തു.ദേഹമാസകലം വിറയ്ക്കാൻ തുടങ്ങി.എന്താ! എന്തുപറ്റി?.നീ എന്താ മോനേ വിറയ്ക്കുന്നത്.എന്താ മോനേ പനിയുണ്ടോ? അമ്മ അവന്റെ തലതൊട്ട്നോക്കി പറഞ്ഞു.ഏയ് പനിയൊന്നുമില്ല.ചെറിയ ചൂട്.അമ്മേ ഞാൻ പോകുന്നു.അവൻ കോളേജിലെത്തി ക്ലാസ് തുടങ്ങി.എന്നാൽ വരുൺ എന്തോ ആലോചനയിലായിരുന്നു.ടീച്ചർ വരുണിനെ എണീറ്റ് നിർത്തി വഴക്കുപറഞ്ഞു.നന്നായി പഠിച്ചിരുന്ന കുട്ടിയായിരുന്നല്ലോ? ഇപ്പോ എന്താ പറ്റിയേ? ക്ലാസിൽ ഇരിക്കുന്നു എന്ന് മാത്രം ശ്രദ്ധ എവിടെയോആണല്ലോ ഗെറ്റ് ഔട്ട്!! വരുൺ പുറത്തിറങ്ങി.പിന്നീട് പിരീയഡ് കഴിഞ്ഞു.വരുൺ വീണ്ടും ക്ലാസിൽ കയറി സീറ്റിലിരുന്നു.ആ സമയത്ത് വരുണിന്റെ കൂട്ടുകാർക്ക് മനസിലായി അവന് എന്തോ കുഴപ്പമുണ്ടെന്ന്.അവർ വരുണിന്റെ അടുത്ത് വന്നു.വരുണേ എന്താടാ! എന്താ നിനക്ക് പറ്റിയേ.ഈയിടയായി നീ ഇങ്ങനെ ആരോടും മിണ്ടാതെ,എന്താടാ നിനക്ക് പറ്റിയേ.അപ്പോൾ വരുൺ പറഞ്ഞു.ഏയ് ഒന്നുമില്ലെടാ ഞാൻ ഓക്കെയാ.നിങ്ങൾക്ക്

വെറുതെ തോന്നുന്നതാ. അപ്പോൾ വീണ്ടും വരുണിന്റെ ഫോണിൽ നിന്ന് ശബ്ദം കേട്ടു. അതോടെ അവൻ വല്ലാതായി അവൻ ആകെ വിയർത്തു. ദേഹമാസകലം വിറയ്ക്കാൻ തുടങ്ങി. ഇതുകണ്ട കൂട്ടുകാർ വരുണിനോട് കാര്യം തിരക്കി. എന്താ? എന്തുപറ്റി? വരുൺ നീ എന്താ പേടിച്ചപ്പോലെ. അവൻ ആകെ വിയർത്തു കുളിച്ചിരിക്കുകയാണല്ലോ. അവൻ ഒന്നും മിണ്ടാതെ അവൻ ഫോണും ബാഗും കൊണ്ട് ക്ലാസിൽ നിന്ന് ഇറങ്ങിയോടി. അവൻ നേരത്തെ വീട്ടിൽ വന്നതുകണ്ട അമ്മ: എന്താടാ നീ ഇത്ര നേരത്തെ വന്നത്? ഹേയ് ഒന്നുമില്ലമ്മേ നല്ല സുഖം തോന്നുന്നില്ല. ഞാനൊന്നു കിടക്കട്ടെ എന്ന് പറഞ്ഞ് മുറിയിൽ ചെന്ന് കതകടച്ച് അവൻ ഫോണിൽ വന്ന മെസേജ് വായിക്കുന്നു. നേരം ഇരുട്ടി. രാത്രിയിലെ ഭക്ഷണം ഒന്നിച്ച് കഴിച്ച് വരുൺ മുറിയിലേക്ക് പോയി. കുറച്ച് കഴിഞ്ഞപ്പോൾ അമ്മയ്ക്ക് മുറിയിൽ വെളിച്ചമൊന്നും കണ്ടില്ല. വരുൺ നേരത്തെ കിടന്നോ. വയ്യാത്തതുകൊണ്ടായിരിക്കും ഒന്നു നോക്കീട്ട് വരാം എന്നും പറഞ്ഞ് അമ്മ വരുണിന്റെ മുറിയിൽ ചെന്ന് ലൈറ്റിട്ട് നോക്കിയപ്പോൾ ആ... ആ... ആ.... എന്ന് ഒച്ചത്തിൽ നിലവിളിച്ചു. ആ നിലവിളി കേട്ട അമ്മു ഓടി വന്നപ്പോൾ കണ്ട കാഴ്ച്ച ഫാനിൽ കെട്ടിത്തൂങ്ങി പിടഞ്ഞു കൊണ്ടിരിക്കുന്ന വരുണിനെയാണ്.


അവർ രണ്ടുപേരും വേഗം വരുണിന്റെ കാൽ ഉയർത്തിപ്പിടിച്ചു. നാട്ടുകാർ ഓടിവന്നു. ആശുപത്രിയിലേക്ക് കൊണ്ടുപോയി. അപ്പോഴേക്കും വരുൺ എന്നന്നേക്കുമായി ലോകത്തോട് വിടപറഞ്ഞു. അമ്മയേയും അനുജത്തിയേയും ഇക്കാര്യം അറിയിക്കാതെ വീട്ടിലേക്ക് പറഞ്ഞുവിട്ടു. അമ്മ വരുണിന്റെ മുറിയിൽ കയറി ആത്മഹത്യക്കുറിപ്പ് എടുത്തു വായിച്ചു.

"എന്റെ പ്രിയപ്പെട്ട അമ്മയ്ക്കും അനുജത്തിക്കും ഞാൻ പോവുകയാ. എനിക്ക് പോവാൻ ആഗ്രഹമുണ്ടായിട്ടല്ല. അമ്മേ ഞാൻ പോവുന്നത്. എന്നാൽ എനിക്ക് പോയേ പറ്റു കാരണം ഞാൻ ബ്ലൂവെൽ എന്ന ഒരു ഗെയിം കളിച്ചിരുന്നു. അതിൽ എന്നെ ഭീഷണിപ്പെടുത്തി കൊണ്ടിരിക്കുകയാണ്. നിവർത്തികേടു കൊണ്ടാണ് ഞാൻ ആത്മഹത്യക്ക് ശ്രമിച്ചത്. എന്റെ അമ്മയ്ക്കും അനുജത്തിക്കും ഞാനല്ലാതെ വേറാരുമില്ല. അതുകൊണ്ടാണ് ഞാൻ........ എന്നോടു ക്ഷമിക്കണം അമ്മേ"!! ഈ കത്ത് വായിച്ചതോടെ അമ്മ ആകെ തകർന്നു. അയ്യോ അതുകൊണ്ടാണോ എന്റെ മോൻ ഇടയ്ക്കിടെ ഫോണിൽ മെസേജ് വരുമ്പോ ഭയക്കുന്നത്. എന്റെ ഈശ്വരാ. രാവിലെ പോസ്റ്റ്മോർട്ടം കഴിഞ്ഞ് മകന്റെ മൃതശരീരം വീട്ടിൽ കൊണ്ടുവച്ചപ്പോൾ ആ അമ്മ തളർന്നുപോയി അവന്റെ കൂട്ടുകാർ തന്റെ കൂട്ടുകാരനെ ഈ അവസ്ഥയിൽ കണ്ടപ്പോൾ........

ഭാഗ്യശ്രീ

# പുഴയോരത്ത്

*(ചിത്രം)*



# ಪಾಠವ ಕಲಿಯೋಣ

(ಕವಿತೆ )

ಕಲಿಯೋಣ ನಾವು ಕಲಿಯೋಣ

ಒಳ್ಳೆಯ ಪಾಠವ ಕಲಿಯೋಣ

ಮರಗಳ ಹಾಗೆ ನೆರಳನು ನೀಡುತ

ಸಹಕರಿಸಲು ನಾವು ಕಲಿಯೋಣ

ಕಾಗೆಯ ರೀತಿ ಬಳಗದಿ ಹಂಚುತ

ತಿನ್ನುವ ನೀತಿಯ ಕಲಿಯೋಣ

ಕುಂಬಾರನ ಹಾಗೆ ಮಡಕೆಯ ಮಾಡುವ

ಕಲೆಯನು ನಾವು ಕಲಿಯೋಣ

ಮಹಾತ್ಮ ಗಾಂಧಿಯ ತ್ಯಾಗವ ಅರಿಯುತ

ಶಾಂತಿಯ ಪಾಠ ಕಲಿಯೋಣ

ಎಲ್ಲರೊಳಗೊಂದಾಗಿ ಬಾಳುತ ನಾವು

ಕನ್ನಡಾಂಬೆ ಕೀರ್ತಿ ತರಿಸೋಣ

**ಮೇಘನ.ಬಿ.ಕೆ**

# ಈ ಸ್ನೇಹ (ಕವಿತೆ )

ಕಂಡೂ ಕಾಣದಂತೆ ಮುಖ ತಿರುಗಿಸಿ
ಹೋಗುತ್ತಿದ್ದಾಗ
ನನ್ನ ಕೂಗಿ ಬಳಿ ಕರೆದು
ಕೈ ಹಿಡಿದು ಮಾತನಾಡಿಸಿದ್ದು
ಈ ಸ್ನೇಹ
ಸೋತು ಹತಾಶಳಾದಾಗ
ಗೆಲುವಿನ ಮೆಟ್ಟಲನ್ನು ತೋರಿ
ಭುಜ ತಟ್ಟಿ ಸಂತೈಸಿ
ಹರುಷ ನೀಡಿದ್ದು
ಈ ಸ್ನೇಹ
ನೋವು ನಲಿವಿನಲಿ
ಬಂಧುವಂತೆ ಜೊತೆಗಿದ್ದು
ಜೀವನವ ಎದುರಿಸಲು
ಕಲಿಸಿದ್ದು
ಈ ಸ್ನೇಹ
ನೀನೆಂದೂ ಅಮರವಾಗಿರು

**-ಮೇಘಶ್ರೀ**

## ಮುಂಜಾನೆಯ ಸೊಬಗು

(ಕವಿತೆ )

ಬಾನಲಿ ಮೂಡಿತು
ಬೆಳ್ಳಿಯ ಮೇಘ
ಮನದಲಿ ಹರಡಿತು
ಹರುಷದ ಸೊಗ

ಹಕ್ಕಿಯು ಕೂಗಿತು
ಚಿಲಿಪಿಲಿ ಗಾನ
ಸೂರ್ಯನು ತಂದನು
ಸಂತಸ ಯಾನ

ಕಂಪನು ಸೂಸಿತು
ಮಲ್ಲಿಗೆ ಹೂಗಳು
ಎಲೆಯಿಂದ ಜಾರಿತು
ಮುತ್ತಿನ ಹನಿಗಳು

ನೃತ್ಯವ ಮಾಡಿತು

ಗಾಳಿಗೆ ಪೈರು

ಹಾಡನು ಹಾಡಿತು

ಹರಿಯುವ ನೀರು

***ಶ್ರೇಯಾ ವಿ.ಎಸ್***

# ಮಾಲಿನ್ಯ ಮತ್ತು ಸಂಸ್ಕರಣೆ

(ಪ್ರಬಂಧ)

ನಮ್ಮ ಸುತ್ತಲಿನ ಪರಿಸರದಲ್ಲಿ ಪ್ರಾಣಿಗಳು, ಪಕ್ಷಿ, ಮರಗಿಡಗಳು, ಬೆಟ್ಟಗುಡ್ಡಗಳು, ನದಿಗಳು ತುಂಬಿದೆ. ಮನುಷ್ಯನು ತನ್ನ ಸುತ್ತಮುತ್ತ ಪರಿಸರವನ್ನು ಮಲಿನಗೊಳಿಸುತ್ತಿದ್ದಾನೆ. ಪರಿಸರವಿಲ್ಲದೆ ಮನುಷ್ಯ ಬದುಕಿರಲು ಸಾಧ್ಯವಿಲ್ಲ. ಇಂಥಾ ಪರಿಸರವನ್ನೇ ಕಲುಷಿತ ಮಾಡಿ ತನ್ನ ಪ್ರಾಣಕ್ಕೇವ ಸಂಚಕಾರ ತಂದುಕೊಳ್ಳುತ್ತಿದ್ದಾನೆ.

ಯಾಂತ್ರೀಕೃತ ಜೀವನದ ಪರಿಣಾಮವಾಗಿ ಅನೇಕ ಯಂತ್ರಗಳನ್ನೊಳಗೊಂಡ, ದೊಡ್ಡ ದೊಡ್ಡ ಫ್ಯಾಕ್ಟರಿಗಳು ಸ್ಥಾಪಿತಗೊಂಡಿವೆ.ಇವು ನಿರಂತರವಾಗಿ ಹೊಗೆಯನ್ನು ಉಗುಳುತ್ತಿವೆ. ಈ ಹೊಗೆಯಲ್ಲಿ ಇಂಗಲ ಮತ್ತು ಅನೇಕ ರಾಸಾಯನಿಕಗಳ ಹೊಗೆ ತುಂಬಿದೆ. ಇಂಗಲವನ್ನು ಉಸಿರಾಡುವುದರಿಂದ ಮನುಷ್ಯ ಆರೋಗ್ಯಕ್ಕೆ ಮಾರಕ. ಅದರಿಂದ ಅನೇಕ ಶ್ವಾಸಕೋಶದ ರೋಗಗಳು ಬರುತ್ತವೆ.

ಪರಿಸರವನ್ನು ಮಲಿನಗೊಳಿಸುವುದರಿಂದ ತನ್ನ ಭವಿಷ್ಯತ್ ಜೀವನಕ್ಕೇ ಅಪಾಯ ಎಂದು ಮಾನವನಿಗೆ ಅರಿವಿದ್ದರೂ, ಪರಿಸರ ಮಾಲಿನ್ಯ ನಡೆದೇ ಇದೆ.ಇದೇ ರೀತಿ ಪರಿಸರವನ್ನು ಮಲಿನಗೊಳಿಸುತ್ತಾ ಹೋದರೆ ಭವಿಷ್ಯದ ಜನಾಂಗ ಬದುಕಿರಲು ಸಾಧ್ಯವೇ ಇಲ್ಲ. ಹಾಗಾದರೆ ಈ ಭೂಮಿಯ

ಮೇಲೆ ಮನುಷ್ಯನ ಅಳಿವೇ ಆಗುತ್ತದೆಯೇನೋ ಎಂಬ ಭೀತಿ ಎಲ್ಲರನ್ನೂ ಕಾಡುತ್ತಿದೆ.

ಮನುಷ್ಯ ಈಗಲಾದರೂ ಎಚ್ಚೆತ್ತು ಪರಿಸರ ಮಾಲಿನ್ಯವನ್ನು ನಿಲ್ಲಿಸಬೇಕು ಪ್ಯಾಕ್ಟರಿ ವಿಷಾನಿಲಗಳನ್ನು , ರಾಸಾಯನಿಕ ವರ್ಜ್ಯಗಳನ್ನು ಹೊರಗೆ ಬಿಡದಂತೆ ನೋಡಿಕೋಳ್ಳಬೇಕು

ಪರಿಸರ ಮಾಲಿನ್ಯದಿಂದ ಮಾನವ ಜೀವನ ಎಷ್ಟು ಭಯಂಕರವಾಗುತ್ತದೆಯೋ ತಿಳಿಸಬೇಕು. ಪ್ರತಿಯೊಬ್ಬರೂ ಒಂದೊಂದು ಗಿಡವನ್ನಾದರೂ ನೆಟ್ಟು ಪರಿಸರವನ್ನು ರಕ್ಷಿಸುವಂತೆ ಜನರ ಮನವೊಲಿಸಬೇಕು.ಪರಿಸರವನ್ನು ಮಲಿನಗೊಳಿಸಿ ಮುಂದಿನ ಜನಾಂಗಕ್ಕೆ ಬದುಕು ಒಂದು ಶಾಪವಾಗುವಂತೆ ಮಾಡುವ ಹಕ್ಕು ನಮಗಿಲ್ಲ.ಆದುದರಿಂದ ನಾವು ಪರಿಸರವನ್ನು ಸಂರಕ್ಷಿಸಬೇಕು.

ಇದಕ್ಕಾಗಿ ಕಾರ್ಖಾನೆಗಳಿಂದ ಬರುವ ಹೊಗೆ , ನೀರು ಇತಾದಿಗಳನ್ನು ಶುದ್ಧೀಕರಿಸುವುದು ಮರುಬಳಕೆ ಮಾಡಬಹುದಾದವುಗಳನ್ನು ಸಂಸ್ಕರಿಸಿ ಮರುಬಳಕೆ ಮಾಡುವುದು . ಮಣ್ಣಿನಲ್ಲಿ ಕರಗುವ ವಸ್ತುಗಳನ್ನು ಹೊಂಡದಲ್ಲಿ ಹಾಕಿ ಮುಚ್ಚುವುದು.

ಸೀಯಾಳದ ಅವಶೇಷಗಳನ್ನು ಒಣಗಿಸಿ ಇಂಧನವಾಗಿ ಬಳಸುವುದು . ಜಲಮೂಲಗಳನ್ನು ಸಂರಕ್ಷಿಸುವುದು. ಇದರಿಂದಾಗಿ ಸ್ವಲ್ಪ ಮಟ್ಟಿಗೆ ಪರಿಸರ ಮಾಲಿನ್ಯವನ್ನು ತಡೆಗಟ್ಟಬಹುದು.

***ಕವಿತ***

# प्रकृति

(कविता)

*पहाड के पीछे से छिपते छिपते*
*हँसते हुए सूरज निकला ।*
*सभी जगह पर रोश्नी दिलाती*
*वह रोशनी से सब उन्मेश होती।*

*कोयल गाती मयूर नाचती*
*चिडिया खुशी से गाती*
*पेड के डाल पर बंदर खेलते*
*पेड के नीचे भालू सोते।*

*गौरव हिमालय क्षीर सागर*
*पवित्र गंगा यमुना*
*यह सब प्रकृति की सुंदर*
*महिमा।*

*संध्या समय  सूरज*
*सागर में डूबता*
*चंदा रात को दीप जलाते*
*अंधेरे में तारों चमकते*

*प्रकृति सभी को खुशी बनाती*
*जानवर भी प्रकृति को रक्षा करते*
*मानव अपनी अत्याच*
*से धरती के नाश  कराते ।*

*प्रकृति क्षमा रूपी वो सब सहती*
*लेकिन अब धरती छुप नही रहती*
*वो बाद,सुनामी,भूचलन दिखाती*
*बयानक संहारतान्डव करेंगी।*

***स्नेहा एस.वी***

# मेरी आँसु की वजह

*(निबंध)*

*मैं घर की छत पर बैट गई थी। मुझे  अकेलापन मेहसूस हो रह थी। ऐसी खुली हवा में बैठना मुझे बहुत पसद है। लेकिन इस खुली हवा में बैठकर मैं खुशा नही थी। मैं बहुत उदास थी। जिदगी में जीने का मेरी पुरी उम्मीदें टूट गई । लेकिन मैं कया करूँ ?यह बीमारी तो भगवान ने मुझे दे दी है। इस बात को लेकर मैं भगवान तो बिलकुल नाराज नही हुँ। कयोंकि मुझे जनम देनेवाली भगवान को मेरी जान लेने को हक है। एक न एक दिन सबको मरना है। बस मेरी मौत  इस वजह से हेगी। पर मैं बहुत समझदार हुँ। मैं ओकटर की अदूरी बात में समझ गया कि में बहुत दिन नहीं बचेगों मेरी जाने के बाद मेरी अज़ीज दोस्त को कैसे जीना आसान हेगों। वह भी मेरी बिना। वह तो मेरे बिना नहीं रहेगें। लेकिन कया करूँ मेरी जाना तो तय है। झस लिय मैने कहीं दीनों सो उसे बात नही की। उसकी घर जाकर दो हफते हुआी। अब तो वह मुझो फोन करना भी शुरू कर दी । माफ कर दो मेरी दोस्त। माफ कर दो। मैं तो सपने में नही सोच सकती की मैं झस तरह नीतु सो दुर रहगें। मुझे बेहन नहीं है तो मैं ने उसको अपनी बेहन समआ है। झस दुनिया में वह ही एक जो मेरी हर मुशाकिलो समझी यी है। हमारी बीच का लडाई तो सिफे एक बहाना या। ताकी मैं तुमझे दूर रह सको मुझे पता है। मुझसे बात करक बिना नही सोती। मुझे अब इस बातकाआदाज़ नहीं है कि अब तुम तकलीफ में है। मुझे पता है में तुम्हारी साय ठीक नही किया है। मेरी जाने के बाद नीतु तो अकेला हेगी। इस लिए उसे अकेला रहना ही होगा। कुछ दिनो सो तुम्हें आदम हुआी जाएगे वह भी मेरे बिना की। ओर मेरी अपने कहने केलिए मेरी माँ और वावा है। उसको मैं कैसे बताअे कि मैं इस दुनिया से जा रहा हुँ। इसे सुनकर वह देनों बिलकुल टुट गई हेगी। मैं अब इस बात तो मेरी*

पापा को माँ नही कह सकती। उन देनों को दुनिया में मुझे बड़कर काई नही है। वह देनों यह बरदाशा नहीकर सकती। इस लिए मैं उसे झुट बोला कि मैं किसीसे प्यार करती है। और मारी शादी भी हो चुकी है। मौ को मेरी शादी बहुत दुमदाम से करना चाहती हुँ। कयोकि मैं उसकी लैती बैठी हुँ। इसलिए मैं माँ अैर पापा से दुर रहना शुरु कर दी। एक झुठ मुझे मेरी अपनों से दुर रखदी। मुझो माफ कर दो माँ और पापा। मुझे यह सब करके अच्छे वही लग़ाता पर मैं यह सब मज़बुारी में कर रही हुँ। और मैं इस दुनिया से जाने के पहले अनुप से शुाक्रियाता करना चाहती हाँ। कयोकि मुझे अकेला रहने केलिए उसीने रुम देदी। मैं जा रही हुँ मेरी अपनों से बहुत दुर। वह भी बहुत दुर है कि वापस आना नही है। मुझे बहुत बुरा लगा रही हुँ पापा। कयोकि मै जिदगी अच्छी तरह से जीना नही पाया। अब तो मैं सिफे बीस की हुँ। नही अब में नही रोउुगाी। मैं तो बहुत निडर हुँ। मुझे इस तरह से कमज़ोर पढ़ना नही चाइीए। मुझे हीम्मत रकना चाहिए। मैं अब बिलकुल नही रोउुगी मुझे आपस एक विनती है भगवान मेरी जैसे बीमारि किसीको नही देना। आप किसीको मेरी ज़ैसे ददी नही दिया करों। वह भी अपनो से दुर रहने की ददी बस में जा रही हुँ। इस दुनि

या से  कानसर की वजह से!!!

**रषीदा अबदुल्ला**

# AS SHADOW FOLLOW ME

(POEM)

As shadow follow me
a silent deep breath
fakes me,
from this world to my home
is the moment
that I leave my body..

My death comes like a robber
it steals my valuable soul
but keep my thing,as it is..
this world may be lush and posh..
but the moment
that I leave my body.

I reach the portto my home
the world is just an inn for me..
I have miles to go
and reach my home,
where my soul
rest in peace forever

I want an end
that is easy...
I want to lie on my hand
and take a deep breath
and leave this world in a second ..
now there is no shadow ....
it leaves me..
my ever-ever best friend
now ,my depression were overloaded

**Sahala .A**

## Whatsapp

*(POEM)*

*Why can't you throw it*
*Harassing your mind*
*Tranquil and triumph*
*Seems never shame*
*Awesome feels always*
*Pent up and*
*Placate yourself*

*Anasuya.N*

*HSA,English*

# SHADOW

(POEM)

*You are shadow to my life*
*you were always with me*
*when I was alone here*
*you was like shadow with me*

*The heavens the heart broken me*
*but I  didn't feel it a bit*
*because,*
*you was always with me*

*You are my strength*
*you are my lord*
*you are the friend*
*that gifted by the god*

*When someone hurt  me*
*you were with me like a shadow*
*that gave me strength*
*to open my hearts window*

*When the dark came up*
*I don,t know were you gone*
*I searched you a lot*
*But I couldn't find none*

*You were always with me*
*in my happy and sour*
*you are the one*
*who I  believe a lot*

***MANASA . M . P***

# മാതൃസ്നേഹം

(ചിത്രം)

